14-ാം കേരള നിയമ സഭ

16-ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 13** 28.10.2019 - **ൽ മറുപടിയ്ക്ക്**

**നാഷണൽ മെഡിക്കൽ കമ്മീഷൻ നിയമം**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.വി. അബ്ദുറഹിമാൻ<br>,, എ. എൻ. ഷംസീർ<br>,, കെ.സുരേഷ് കുറുപ്പ്<br>,, പി.ടി.എ. റഹീം | | ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പമന്ത്രി) |
| (എ) നിലവിലുണ്ടായിരുന്ന പരിമിതമായ ജനാധിപത്യ മാർഗം കൂടി ഇല്ലാതാക്കുന്നതും സംസ്ഥാനങ്ങളുടെ ആവശ്യവും താല്പര്യവും പരിരക്ഷിക്കാൻ വ്യവസ്ഥകൾ ഇല്ലാത്തതുമാണ് നാഷണൽ മെഡിക്കൽ കമ്മീഷൻ നിയമം എന്ന പരാതിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത നിയമത്തെക്കുറിച്ച് സമഗ്ര പഠനം നടത്തി ഇത് സംബന്ധിച്ച ആശങ്ക കേന്ദ്ര സർക്കാരിനെ അറിയിക്കുന്ന കാര്യം പരിഗണിക്കുമോ; | (എ) യും (ബി) യും (സി) യും | നാഷണൽ മെഡിക്കൽ കമ്മീഷൻ ബിൽ നിയമമാക്കുന്നതിന് മുൻപ് തന്നെ ബില്ലിലെ വ്യവസ്ഥകളെ സംബന്ധിച്ച അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിരുന്നു. രജിസ്ട്രാർ, ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ ഉൾപ്പെടുന്ന ഒരു വിദഗ്ധ സമിതിയെ കൊണ്ട് ഇക്കാര്യം സമഗ്രമായി പഠിച്ച് ആശങ്കകൾ ഉണ്ടെങ്കിൽ ആയതു കേന്ദ്ര സർക്കാരിനെ അറിയിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) എം.ബി.ബി.എസ്. അവസാന വർഷ പരീക്ഷ നാഷണൽ എക്സിറ്റ് പരീക്ഷ എന്ന പേരിൽ നടത്തി സംസ്ഥാനങ്ങളിലെ ആരോഗ്യ സർവ്വകലാശാലകളുടെ അധികാരം കവരുന്നതും വിദേശ സർവ്വകലാശാലകളിൽ പഠിച്ചവരെയും തുല്യനിലയിൽ പരിഗണിച്ച് എം.ബി.ബി. എസ്. പ്രവേശന പരീക്ഷയുടെ മൂല്യമിടിക്കുന്നതും ഈ പരീക്ഷ പോസ്റ്റ് ഗ്രാജ്വേഷൻ കോഴ്സുകൾക്കുള്ള പൊതു പരീക്ഷയാക്കിത്തീർക്കുന്നതും മെഡിക്കൽ വിദ്യാഭ്യാസ രംഗത്തുള്ളവർക്ക് ആശങ്ക സൃഷ്ടിച്ചിട്ടുള്ള കാര്യം പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; | | |
| (സി) മെഡിക്കൽ പ്രാക്ടീഷണർമാരുടെ | | |

എണ്ണത്തിന് മൂന്നിലൊന്നിന് തുല്യം എണ്ണം വൈദ്യശാസ്ത്രത്തിൽ അവഗാഹം നേടിയിട്ടില്ലാത്തവരെ കമ്യൂണിറ്റി ഹെൽത്ത് പ്രൊവൈഡർമാരെന്ന പേരിൽ പ്രാക്ടീസ് ചെയ്യാൻ അനുവദിക്കാനുള്ള വ്യവസ്ഥ പൊതു ആരോഗ്യ മേഖലയിലുണ്ടാക്കാനിടയുള്ള ഗുണനിലവാര തകർച്ച കണക്കിലെടുത്ത് ഇത്തരം നീക്കം തിരുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ എന്ന് അറിയിക്കാമോ?

സെക്ഷൻ ഓഫീസർ